REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 13-10-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **ആറു സംസ്ഥാനങ്ങളിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഗവർണർമാരെ നിയമിച്ചു. ഓം പ്രകാശ് മാധൂർ കേരളത്തിന്റെ പുതിയ ഗവർണർ.**
- **ബിംസ്ടെക് ആഭ്യന്തര മന്ത്രിമാരുടെ ആദ്യ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും.**
- **തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണം ചോദ്യം ചെയ്ത് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി സമർപ്പിച്ച റിട്ട് ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിച്ചേക്കും.**
- **കയർ ഉൽപ്പന്ന ഉൽപാദന-വിതരണ മേഖലകളിൽ പുതിയ പദ്ധതികൾ സമർപ്പിക്കണമെന്ന് മന്ത്രി രമേശ് ചെന്നിത്തല.**
- **ഇന്ന് സംസ്ഥാന കായിക ദിനം.**

## വാർത്തകൾ വിശദമായി

ആറു സംസ്ഥാനങ്ങളിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഗവർണർമാരെ നിയമിച്ചു. സിക്കിം ഗവർണറായി സേവനം അനുഷ്ഠിക്കുന്ന ഓം പ്രകാശ് മാഥുർ കേരളത്തിലെ ഗവർണർ ആകും. തമിഴ്നാടിന്റെ അധിക ചുമതല വഹിക്കുന്ന കേരളത്തിന്റെ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറെ തമിഴ്നാട് ഗവർണറായി നിയമിച്ചു.

സിക്കിമിന്റെ പുതിയ ഗവർണർ ദുഷ്യന്ത് ഗൗതം ആണ്. ഒഡീഷ ഗവർണറായി ബ്രജ്മോഹൻ റാമിനെയും, കർണാടക ഗവർണറായി ഡോ. സുധ യാദവിനെയും, ഉത്തരാഖണ്ഡ് ഗവർണറായി ഡോ. ധാൽസിംഗ് ബിസെനെയും

രാഷ്ട്രപതി നിയമിച്ചു.  ഗവർണർമാരുടെ നിയമനം സംബന്ധിച്ച് ഇന്നലെയാണ് രാഷ്ട്രപതിയുടെ ഓഫീസ് ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിച്ചത്.

✪✪✪

ബിംസ്ടെക് ആഭ്യന്തര മന്ത്രിമാരുടെ ആദ്യ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും.ഭീകരവാദം, അതിർത്തി കടന്ന സംഘടിത കുറ്റകൃത്യങ്ങൾ, ലഹരിമരുന്ന്, തീവ്രവാദ ആശയങ്ങളിലേക്ക്  ആകൃഷ്ടരാകൽ, മനുഷ്യക്കടത്ത്, അനധികൃത സാമ്പത്തിക ഇടപാടുകൾ, സൈബർ ഭീഷണികൾ തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്യും. പൊതുവായ സുരക്ഷാ വെല്ലുവിളികളെ നേരിടുന്നതിൽ സഹകരണം ശക്തിപ്പെടുത്താൻ  ബിംസ്ടെക് അംഗരാജ്യങ്ങളുടെ കൂട്ടായ നിശ്ചയദാർഢ്യത്തിന്റെ പ്രതീകമാണ്  യോഗമെന്ന്  ആഭ്യന്തര മന്ത്രി അമിത് ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ബംഗ്ലാദേശ്, ഭൂട്ടാൻ, ഇന്ത്യ, മ്യാൻമർ, നേപ്പാൾ, ശ്രീലങ്ക, തായ്‌ലൻഡ് എന്നിവ ഉൾപ്പെടുന്ന പ്രാദേശിക കൂട്ടായ്മയാണ്  ബിംസ്റ്റെക്.

✪✪✪

തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണം ചോദ്യം ചെയ്ത് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും, INDA  നേതാക്കളും സമർപ്പിച്ച റിട്ട് ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിച്ചേക്കും. ഹർജിയിൽ 14 പിഴവുകൾ കണ്ടെത്തിയതായി സുപ്രീംകോടതി രജിസ്ട്രി അറിയിച്ചു. പ്രതികളായി വ്യക്തികളെ ഉൾപ്പെടുത്തിയതിലും, പകർപ്പ് കൂടെ ചേർക്കാത്തതിലും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സമർപ്പിച്ചതിലുമടക്കമാണ് പിഴവുകൾ കണ്ടെത്തിയത്.

വോട്ടർപട്ടിക പുതുക്കുന്നതിനിടയിൽ വലിയതോതിൽ വോട്ടർമാരെ ഒഴിവാക്കിയെന്നും, ക്രമക്കേടുകൾ നടത്തിയെന്നാരോപിച്ചാണ് രാഹുൽഗാന്ധിയടക്കം ഹർജികൾ സമർപ്പിച്ചത്. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ, കമ്മീഷണർമാരായ സുഖ്‌വീർ സിംഗ് സന്ധു, വിവേക് ജോഷി എന്നിവരാണ് എതിർ കക്ഷികൾ.  ക്രമക്കേടുകൾ ആരോപിച്ച് INDA  നേതാക്കളുടെ നേതൃത്വത്തിൽ ഇന്നലെ സുപ്രിംകോടതിയിലേക്ക് പ്രതിഷേധ മാർച്ച് നടത്തിയിരുന്നു.

✪✪✪

സുപ്രിംകോടതിയെ സ്വാധീനിക്കാനും, ഭീഷണിപ്പെടുത്താനുമാണ് ജനക്കൂട്ടവുമായി രാഹുൽഗാന്ധി  കോടതിക്കെതിരെ സമരം ചെയ്യുന്നതെന്ന് BJP നേതാവ് സുധാൻഷു ത്രിവേദി ആരോപിച്ചു. സംഭവം അപമാനകരവും, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തതുമെന്നാരോപിച്ച അദ്ദേഹം, രാഹുൽഗാന്ധി

രാജ്യത്തെ കുഴപ്പങ്ങളിലേക്ക് നയിക്കുകയാണെന്നും ന്യൂഡൽഹിയിൽ കുറ്റപ്പെടുത്തി.

✪✪✪

അർബുദ ചികിത്സാ മരുന്നുകളുടെ വ്യാപാര മാർജിൻ പരമാവധി ചില്ലറ വിൽപ്പന വിലയുടെ 30 ശതമാനമായി പരിമിതപ്പെടുത്താൻ തീരുമാനിച്ചതായി കേന്ദ്രഗവണ്മെന്റ് സുപ്രീം കോടതിയെ അറിയിച്ചു. കേന്ദ്ര ഗവണ്മെന്റിനു വേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത, ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരടങ്ങുന്ന ബെഞ്ചിനു മുമ്പാകെയാണ് ഇക്കാര്യം വ്യക്തമാക്കിയത് .

വ്യാപാര മാർജിൻ പരിധി ബാധകമാകുന്ന അർബുദ മരുന്നുകളുടെ പട്ടിക കേന്ദ്ര ഗവണ്മെന്റ് വിജ്ഞാപനം ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു. മരുന്നുകൾ ചില്ലറ വ്യാപാരികൾക്ക് നൽകുന്ന വിലയും അവയിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി ചില്ലറ വിൽപ്പന വിലയും തമ്മിലെ അന്തരം സംബന്ധിച്ച് സുപ്രീം കോടതി ഉന്നയിച്ച ചോദ്യങ്ങൾക്കാണ് ഗവണ്മെന്റ് മറുപടി നൽകിയത് .

✪✪✪

കയർ ഉൽപ്പന്നങ്ങളുടെ ഉൽപാദന-വിതരണ മേഖലകളിൽ പുതിയ പദ്ധതികൾ സമർപ്പിക്കാൻ മന്ത്രി രമേശ് ചെന്നിത്തല കയർ വികസന ഡയരക്ടർക്ക് നിർദേശം നൽകി. തിരുവനന്തപുരത്ത് കയർമേഖലയുമായി ബന്ധപ്പെട്ട് വിളിച്ചുചേർത്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കൂടുതൽ വനിതാ സംരഭകർക്ക് കയർ മേഖലയിൽ തൊഴിൽ കണ്ടെത്തലും, വിപണനം ശക്തമാക്കലുമാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. ചകിരി ഉത്പാദനത്തിലെ നിലവിലെ പ്രതിസന്ധി മറികടക്കാൻ പത്ത് പുതിയ കയർ കൺസോഷ്യം തുടങ്ങണമെന്നും രമേശ് ചെന്നിത്തല നിർദേശിച്ചു.

ചകിരിയുടെ ലഭ്യതക്കുറവ് പരിഹരിച്ച് കയർമേഖലയിലെ പ്രതിസന്ധി മറികടക്കുകയാണ് ലക്ഷ്യം. ഇതിന് ആക്ഷൻ പ്ലാൻ സമർപ്പിക്കാനും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

തപാൽ വകുപ്പ് ഇന്ന് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ദിനമായി ആചരിക്കും. ഇതിന്റെ ഭാഗമായി ഇന്ത്യാ പോസ്റ്റിന്റെ വിവിധ സാമ്പത്തിക പദ്ധതികളും ഇൻഷ്വറൻസ് പദ്ധതികളും ജനങ്ങളിലേക്ക് കൂടുതലായി എത്തിക്കുന്ന അവബോധ പ്രവർത്തനങ്ങൾ നടത്തും.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് സ്മിതി M പള്ളുരുത്തി.

....(വോയ്സ്)........

✪✪✪

ഇന്ന് സംസ്ഥാന കായിക ദിനം. കേരളത്തിന്റെ കായിക മേഖലയ്ക്ക് മികച്ച സംഭാവന നൽകുകയും, സ്പോർട്സ് കൗൺസിലിന്റെ സ്ഥാപക പ്രസിഡണ്ടുമായ G.V രാജയുടെ ജന്മദിനമാണ് ഒക്ടോബർ 13 ന് സംസ്ഥാന കായികദിനമായി ആചരിക്കുന്നത്.

കേരള കായികദിനാഘോഷം 'കേരളം സ്പോർട്സ് നൈറ്റ് 2026' മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും. കോമൺവെൽത്ത് ഗെയിംസ് ഉൾപ്പടെ വിവിധ മത്സരങ്ങളിൽ മെഡൽ നേടിയ കായികതാരങ്ങളെ ചടങ്ങിൽ ആദരിക്കും.

കായികദിനത്തിന്റെ ഭാഗമായി മലപ്പുറത്ത് ഇന്ന് ഫുട്ബോൾ മത്സരം സംഘടിപ്പിക്കും. ജില്ലാ സ്പോർട്സ് കൗൺസിൽ, ജില്ലാ ഒളിമ്പിക് അസോസിയേഷൻ, ജില്ലാ ഫുട്ബോൾ അസോസിയേഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് പരിപാടി.

വൈകീട്ട് കോട്ടപ്പടി ഫുട്ബോൾ ഗ്രൗണ്ടിൽ കേരള പോലീസ് ടീമും ജില്ലാ ഫുട്ബോൾ അസോസിയേഷൻ സീനിയർ ടീമും തമ്മിലാണ് സൗഹൃദ മത്സരം. ചടങ്ങിൽ ജില്ലാ പൊലീസ് മേധാവി ചൈത്ര തെരേസ ജോൺ മുഖ്യാതിഥിയാകും.

✪✪✪

സംസ്ഥാന കായിക ദിനാചരണത്തോടനുബന്ധിച്ച് കാസർകോട് ജില്ലാ സ്പോർട്സ് കൗൺസിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിളംബര ജാഥ ജില്ലാ കളക്ടർ ശ്രീധന്യ സുരേഷ് ഫ്ളാഗ് ഓഫ് ചെയ്തു. കായിക സംസ്കാരവും മികച്ച കായിക താരങ്ങളെയും വളർത്തിയെടുക്കാൻ ആത്മാർഥമായ ശ്രമങ്ങളുണ്ടാവ ണമെന്ന് കളക്ടർ നിർദ്ദേശിച്ചു.

✪✪✪

ഗോഹട്ടിയിൽ ISL ഫുട്ബോളിൽ ഇന്നലെ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് FC യ്ക്ക് ജയം. മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ മറുപടിയില്ലാത്ത ഒരു ഗോളിനാണ് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പരാജയപ്പെടുത്തിയത്.

✪✪✪

ജമ്മു കശ്മീരിലെ പൂഞ്ച് ജില്ലയിൽ നുഴഞ്ഞുകയറാൻ ശ്രമിക്കുന്നതിനിടെ നാല് ഭീകരർ കൊല്ലപ്പെട്ടു. നിയന്ത്രണരേഖയ്ക്ക് സമീപം ലാൻഡ്മൈൻ സ്ഫോടനത്തിലാണ് ലഷ്കർ-ഇ-തയ്ബയുടെ ഉന്നത കമാൻഡർ മുഹമ്മദ് ഫൈസാൻ ഉൾപ്പെട്ട ഭീകര സംഘം കൊല്ലപ്പെട്ടത്.

ഇന്നലെ വൈകിട്ടായിരുന്നു സംഭവം.

✪✪✪

മാസപ്പടി കേസിൽ FIR രജിസ്റ്റർ ചെയ്ത് വിജിലൻസ് അന്വേഷണത്തിന് ഹൈക്കോടതി സിംഗിൽ ബെഞ്ച് നിർദ്ദേശിച്ചതിനെതിരെ പിണറായി വിജയൻ ഡിവിഷൻ ബെഞ്ചിൽ നൽകിയ ഹർജി ഹൈക്കോടതി ഇന്ന് പരിഗണിക്കും. FIR രജിസ്റ്റർ ചെയ്യാൻ നിർദ്ദേശിച്ചത് സ്വാഭാവിക നീതിയുടെ ലംഘനമാണെന്നും, ഉത്തരവ് റദ്ദാക്കണമെന്നുമാണ് ആവശ്യം.

✪✪✪

സുപ്രീം കോടതിയുടെ പരിഗണാ വിഷയമായ SIR ന്റെ കാര്യത്തിൽ നിയമസഭയിൽ UDF ഉം LDF ചേർന്ന് പ്രമേയം പാസാക്കിയതിൽ കോൺഗ്രസിന്റെ ഇരട്ടത്താപ്പാണ് വ്യക്തമാകുന്നതെന്ന് ബിജെപി സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. കേരളത്തിൽ SIR ന് നേതൃത്വം നൽകിയ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറെ മുഖ്യമന്ത്രിയുടെ സെക്രട്ടറിയാക്കിയത് എന്ത് ധാർമികതയുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണമെന്നും രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

✪✪✪

ശബരിമല തീർഥാടന കാലത്ത് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ നാലമ്പലങ്ങൾക്കുള്ളിൽ ഫോട്ടോഗ്രഫിയും വീഡിയോ ചിത്രീകരണവും നിരോധിച്ച് ജില്ലാ കലക്ടർ A നിസാമുദ്ദീൻ ഉത്തരവിട്ടു. സുരക്ഷയ്ക്കും ഔദ്യോഗിക കാര്യങ്ങൾക്കും മുൻകൂർ അനുമതി വാങ്ങി നടത്തുന്ന ഫോട്ടോഗ്രാഫിക്കും വീഡിയോ ചിത്രീകരണത്തിനും തടസ്സമുണ്ടാകില്ല.

✪✪✪

രണ്ടാം ദസറ എന്നറിയപ്പെടുന്ന കണ്ണൂരിലെ നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമായി. വർണ്ണവെളിച്ചം വിതറി നഗര വീഥികൾ ദീപപ്രഭയിലാണ്..

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.

......(വോയ്സ്).............

✪✪✪

കോഴിക്കോട് കൊയിലാണ്ടി അകലാപ്പുഴയിൽ ബോട്ടിങ്ങിനെത്തിയ സംഘത്തോടൊപ്പമുണ്ടായിരുന്ന 5 വയസുകാരൻ അപകടത്തിൽ മരിച്ചു ഓമശേരി നടമ്മൽ പൊയിൽ മുഹമ്മദ് ഐസാം ആണ് മരിച്ചത്. ഇന്നലെ വൈകിട്ട് ആയിരുന്നു അപകടം.

✪✪✪

ആരാധനാലയങ്ങൾ സമൂഹത്തിൽ ആത്മീയ പ്രകാശം പരത്തി ജനങ്ങളിൽ സാഹോദര്യത്തിന്റെ സന്ദേശമെത്തിക്കുമെന്ന് ഇസ്ലാംമത പണ്ഡിതൻ സയ്യിദ് ഖലീൽ ബുഖാരി തങ്ങൾ പറഞ്ഞു. പത്തനംതിട്ട ജില്ലയിലെ നിരണത്ത് നിർമ്മിച്ച മുഹിയുദ്ദീൻ മസ്ജിദ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം .

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team: അബ്ദുൽ കബീർ, സബിത കെ*
*DEO : ഷീബ*